## വ്യക്തിപരമായ വിശദീകരണം

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ശ്രീ. ആന്റണി രാജു മറുപടി പറഞ്ഞപ്പോൾ കുറേ ആളുകളുടെ പേര് പറഞ്ഞ കൂട്ടത്തിൽ എന്റെയും പേരുപറഞ്ഞു. അദ്ദേഹം അത് ആ രൂപത്തിൽ ചിത്രീകരിക്കരുതായിരുന്നു. കോഴിക്കോട് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റിന്റെ ബിൽഡിംഗിനെക്കുറിച്ചുള്ള ചർച്ചയിലാണ് അദ്ദേഹം അത് പറഞ്ഞത്. അദ്ദേഹത്തെപ്പോലൊരാൾ ഇത് പറയുമെന്ന് ഞാൻ കരുതിയില്ല. അതിന് ഒരു ചരിത്രമുണ്ട്. അത് 2008-ൽ ആരംഭിച്ചതാണ്. ഏത് ഗവൺമെന്റാണെന്ന് ഞാൻ പറയുന്നില്ല, കാരണം അതിൽ രാഷ്ട്രീയം കാണാൻ താൽപ്പര്യമില്ലാത്തതുകൊണ്ടാണ്. 2008-ലാണ് അത് ആരംഭിക്കുന്ന സമയത്ത് അത് കെ.എസ്.ആർ.ടി.സി.-യുടെ സ്ഥലമായിരുന്നു. പക്ഷേ കെ.എസ്.ആർ.ടി.സി. ഡയറക്ടർ ബോർഡ് ആ സ്ഥലം കൊടുക്കാൻ തീരുമാനിച്ചിട്ടില്ല. ആ തീരുമാനമില്ലാതെ, ശരിയായവിധത്തിൽ ഒരു പ്ലാൻ പോലും സബ്മിറ്റ് ചെയ്യാതെ, ഡിപ്പാർട്ടുമെന്റിന്റെ അംഗീകാരം കിട്ടാതെ ടെണ്ടർ നടന്നു. എസ്റ്റിമേറ്റില്ലാതെയാണ് ടെണ്ടർ നടന്നത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: യെസ്..........

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അതിനുശേഷം ഒരാൾ കരാർ ഉറപ്പിച്ചു. ഈ വന്ന കൂട്ടത്തിൽ 2008-നുശേഷം അതെല്ലാം കഴിഞ്ഞതാണ്. അതിനുശേഷം 2011-ൽ ശ്രീ. വി. എസ്. ശിവകുമാർ മന്ത്രിയായി വന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അങ്ങ് വിഷയം മാത്രം പറയൂ.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഇത് പറയാതിരിക്കാൻ പറ്റില്ലല്ലോ? 2012-ൽ ശ്രീ. ആര്യാടൻ മുഹമ്മദും അതിനുശേഷം 2014-ൽ ഞാനും ആ വകുപ്പിന്റെ മന്ത്രിയായി. ഈ നിലയിൽ ആ വകുപ്പിന്റെ മന്ത്രിസ്ഥാനത്തിരുന്നവരെല്ലാം 2008-ൽ നടന്ന കാര്യത്തിന് ഉത്തരവാദികളാണെന്ന് പറഞ്ഞാൽ എത്ര കഷ്ടമാണ്. കോഴിക്കോട് ബസ് സ്റ്റാൻഡിൽ ചായകുടിക്കാൻ ചെല്ലുന്നവരെയും പ്രതിവർഗ്ഗത്തിൽപ്പെടുത്താൻ സാധിക്കുമോ? അതുകൊണ്ട് എനിക്ക് ഒരു കാര്യം മാത്രമെ പറയാനുള്ളൂ, അങ്ങ് റൂൾ 307 പ്രകാരം ഇത് എക്സ്പഞ്ച് ചെയ്യണം. ദയവായി ഞങ്ങളുടെ പേര് അതിനകത്ത് വരുത്തരുത്, അത് വാസ്തവവിരുദ്ധമാണ്. ഇപ്പോൾ പറയുന്ന കാര്യം റെക്കോർഡിലുണ്ടാകണം. അത് നീക്കം ചെയ്യണം. അത്

അപകീർത്തികരമാണ്. നാരങ്ങാ വെള്ളം കുടിക്കാൻ വേണ്ടി ബസ് സ്റ്റാന്റിൽ കയറിയവർക്കും അപകീർത്തികരമാകും.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> അത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.+

\+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 18439/ഇ.ബി /2021/നി.സെ. തീയതി 09-11-2021) രേഖയിൽ നിലനിർത്തി.